കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.9)1316/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ- 680 020

ഫോൺ- 0487 2331249

ഇ മെയിൽ -dotsr.ksad@kerala.gov.in

തിയ്യതി:23.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത

തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.9)1316/201 തിയതി:23.11.2017

## തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ

പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.9.16 മുതൽ 31.3.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

<table>
<tr><td>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ</td><td colspan="2">കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ</td></tr>
<tr><td>ഓഡിറ്റിന് വിനിയോഗിച്ച സമയം</td><td colspan="2">1.08.2017 മുതൽ<br>7.08.2017 വരെ</td></tr>
<tr><td rowspan="3">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>എൻ.സതീശൻ</td><td>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)</td></tr>
<tr><td>വിജയശ്രീ.പി.</td><td>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ലിഷ.കെ.വി</td><td>അസിസ്റ്റന്റ്</td></tr>
</table>

| | | |
|---|---|---|
| | | ഓഡിറ്റ് ഓഫീസർ |
| | ബിന്ദു.സി.വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | കെ.കെ.സതീശൻ | 01.4.2016 മുതൽ<br>31.03.2017 വരെ |
| സെക്രട്ടറി | വി.ആന്റണി | 01.04.2016മുതൽ<br>26.04.2016വരെ |
| | ഉല്ലാസ് കുമാർ.കെ.ഐ.<br>(ഇൻചാർജ്ജ്) | 27.04.2016 മുതൽ<br>17.05.2016 വരെ |
| | വി.ആന്റണി | 18.05.2016 മുതൽ<br>31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ഉല്ലാസ് കുമാർ.കെ.ഐ. | 01.04.2016 മുതൽ<br>31.03.2017 വരെ |
| കൃഷി ഓഫീസർ | എൻ.കെ സരസ്വതി | 01.04.2016മുതൽ<br>31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ജ്യോതിരാജ്.പി.എസ് | 01.04.2016മുതൽ<br>04.07.2016 വരെ |
| | സീമ.ടി.എസ് | 05.07.2016മുതൽ<br>31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.) | ഡോ.ജിതേഷ്.പി.എം | 01.04.2016മുതൽ<br>31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദം | ഡോ. കെ.കെ.ജയശ്രീ | 01.04.2016മുതൽ<br>31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സലീൽ.യു | 01.04.2016മുതൽ<br>31.03.2017 വരെ |
| വി.ഇ.ഒ. | ഹരി.കെ.എ | 01.04.2016മുതൽ<br>31.03.2017 വരെ |
| ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ലിമിലാൽ.ടി.എം | 01.04.2016മുതൽ<br>02.08.2016വരെ |
| | ഊർമ്മിള. വി.എസ് | 03.08.2016മുതൽ<br>31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം-2 | | |
| 13 | ഇ-ടെണ്ടർ - ടെണ്ടർ ഫോം വില – ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട 4300/- രൂപ ലഭിക്കാൻ നടപടി സ്വീകരിക്കണം | 2-1 |
| 14 | ഓഡിറ്റ് ഇംപാക്ട് | 2-2 |
| 15 | സാംഖ്യ, സഞ്ചയ സോഫ്റ്റ് വെയറുകളുടെ ഇന്റഗ്രേഷൻ പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-3 |
| 16 | ലൈബ്രറി സെസ്സ് -ലൈബ്രറി കൗൺസിലിന് നൽകാനുള്ള കുടിശ്ശിക അടവാക്കിയിട്ടില്ല | 2-4 |
| 17 | കെട്ടിട നിർമ്മാണ ഫയൽ സൂക്ഷിപ്പിലെ അപാകതകൾ | 2-5 |
| 18 | തൊഴിൽ നികുതി അപാകതകൾ | 2-6 |
| 19 | വാടക അപാകതകൾ | 2-7 |
| 20 | ഫാം ലൈസൻസ് | 2-8 |
| ഭാഗം-3 | | |
| 21 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ | 3-1 |
| 22 | വീട്ടുകളിൽ ബയോഡൈജസ്റ്റർപോർട്ട് യൂണിറ്റ്-ഉണഭോക്തൃവിഹിതം ഉപയോഗിച്ചിട്ടില്ല. | 3-2 |

| | | |
|---|---|---|
| 23 | പ്ലാസ്റ്റിക് രഹിത ഗ്രാമം – തുടർനടപടികൾ | 3-3 |
| 24 | അംഗൻവാടി പോഷകാഹാരപരിപാടി-പദ്ധതിനടത്തിപ്പിലെ അപാകതകൾ | 3-4 |
| 25 | ബ്ലോക്ക് വിഹിതം പൂർണ്ണമായും ഉപയോഗിച്ചിട്ടില്ല | 3-5 |
| 26 | തൊഴിലുറപ്പ് പദ്ധതി-അവലോകനം | 3-6 |
| 27 | പ്ളാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ്ഡ് ചെയ്തു റോഡ് റീ ടാറിംഗിന് ഉപയോഗപ്പെടുത്തി | 3-7 |
| 28 | കാണിപ്പയ്യൂർ കുരിശുപള്ളി പരിസരത്തെ കുടിവെള്ള പദ്ധതി-ലക്ഷ്യം കൈവരിച്ചിട്ടില്ല. | 3-8 |
| 29 | സുജീവനം - ശാരീരിക മാനസിക ആരോഗ്യ പാർക്ക് - രണ്ടാം ഘട്ടം - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. | 3-9 |
| 30 | ടെണ്ടർ, ഇ-ടെണ്ടറുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതം | 3-10 |
| 31 | ഗ്രാമ വികസന ദ്വൈവാരം - വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾ- ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 3-11 |

| | | |
|---|---|---|
| 32 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - കെ.എസ്.ഇ.ബി. അധികമായി ഈടാക്കിയ തുക വസൂലാക്കിയിട്ടില്ല. | 3-12 |
| 33 | ഔഷധിയിൽ നിന്നും മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭ്യമല്ല | 3-13 |
| 34 | ആയുർവ്വേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ, ഫർണ്ണീച്ചർ വാങ്ങിയത് - കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. | 3-14 |
| 35 | സഭാമഠം പാടശേഖര സമിതി പമ്പ് ഹൗസിലേക്ക് വൈദ്യുതി കണക്ഷൻ-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-15 |
| ഭാഗം-4 | | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന | 4-8 |

| | | |
|---|---|---|
| | റിപ്പോർട്ടുകൾ | |
| 44 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 5-3-2016 തിയ്യതിയിലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 25-7-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷികകണക്കിലെ അപാകതകൾ-

1)ബാലൻസ് ഷീറ്റിൽ വികസനഫണ്ട് (പൊതുവിഭാഗം) ഇനത്തിൽ 3,47,000/- രൂപ തെറ്റായി ബാലൻസ് കാണിച്ചിരിക്കുന്നു.

2)നാളിതുവരെയുള്ള ആസ്തി കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

റിമാർക്സ്:-

വാർഷികകണക്കിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ നിലവിൽ ഉപയോഗമില്ലാത്തവയാണ്.

| പേര് | 31.3.17ലെ ബാലൻസ് | റിമാർക്സ് |
|---|---|---|
| VPFA1-2 | 8664 | ഇടപാടുകൾ ഇല്ല |
| SBI-PensionFund | 8664.48 | പലിശ വരവുണ്ട്, മറ്റ് ഇടപാടുകൾ ഇല്ല |
| SBI-GrantFund | 389783.77 | പലിശ വരവുണ്ട്, മറ്റ് ഇടപാടുകൾ ഇല്ല |

ഉപയോഗമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാവുന്നതാണ്.

2016-17ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, റസീപ്റ്റ് & പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി

ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3594755.72 |
| വരവ് | 31452337 |
| ആകെ | 35047092.72 |
| ചെലവ് | 29136825 |
| നീക്കിയിരിപ്പ് | 5910267.72 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | ചെലവ് ശതമാനം | സഞ്ചിതനിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6460949 | 5560706 | 86 | 900243 |
| വികസനഫണ്ട് എസ്.സി.പി. | 3060981 | 2224122 | 72.6 | 836859 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 4686651 | 4542071 | 96.9 | 144580 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 2026827 | 79.3 | 527928 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3623776 | 3623776 | 100 | 0 |
| ലോകബാങ്ക് സഹായം (കേന്ദ്രം) | 1779439 | 1377383 | 77.4 | 402056 |
| ലോക ബാങ്ക് സഹായം (സംസ്ഥാന വിഹിതം) | 498716 | 0 | 0 | 498716 |
| ജനറൽ പർപ്പസ് ഫണ്ട് | 5175000 | 5175000 | 100 | 0 |
| ബി ഫണ്ട് | 24533415 | 24533415 | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 103 | 32624707 | 51 | 19490885 | 26 | 26 | 49 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2345324 | 3599381 | +1254057 | +53.4 |
| നികുതിയേതര വരവുകൾ | 443464 | 771872 | +328408 | +74 |
| മറ്റുവരവുകൾ | 715775 | 91245 | -624530 | -87.2 |
| ആകെ | 3504563 | 4462498 | +957935 | +27.3 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23640 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 3190830 | 320 |
| വിധവാപെൻഷൻ | 9194120 | 727 |
| വാർദ്ധക്യകാല പെൻഷൻ | 9098885 | 883 |
| വികലാംഗപെൻഷൻ | 1683940 | 167 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സത്രീകൾക്കുള്ള പെൻഷൻ | 1132000 | 107 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 07.08.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8745 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സർക്കാർ നിർദ്ദേശ പ്രകാരമുള്ള കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

കൃഷി ഓഫീസർ 20.2.17 വരെ TR 7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 21.2.17 മുതൽ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-07-17 | 4/17,5 /17,6/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/7/16മുതൽ 4/8/16 വരെ | 2011-12മുതൽ 2015-16 വരെ | 7/9/16 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ - ടെണ്ടർ ഫോം വില – ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട 4300/- രൂപ ലഭിക്കാൻ നടപടി സ്വീകരിക്കണം

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം ഫീസ് സർക്കാർ ഉത്തരവ് (എം.എസ്.) 318/2013ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയർ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ 2016-17 ൽ 4,300/- രൂപ എൽ.എസ്.ജി.ഡി എക്സി. എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

ഈ തുക ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഉൾപ്പെടേണ്ട തുകയായതിനാൽ ഈ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഓഡിറ്റ് ഇംപാക്ട്

2016-17 സാമ്പത്തിക വർഷം കെട്ടിട നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ച താഴെ പറയുന്ന കെട്ടിട ഉടമസ്ഥരിൽ നിന്നും പെർമിറ്റ് ഫീയും റഗുലറൈസേഷൻ ഫീയും കുറവ് ഈടാക്കിയതായി കണ്ടു. ഓഡിറ്റ് എൻക്വയറികൾ നൽകിയതിനെ തുടർന്ന് കുറവ് വന്ന ഫീ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട ഉടമസ്ഥൻ | കെട്ടിട നം. | ഓഡിറ്റ് എൻക്വയറി നം. | രസീത് നം./തിയ്യതി | തുക |
|---|---|---|---|---|
| സുഭാഷ് നാലുപുരക്കൽ | I/934 | 22 / 5.8.17 | 117030100897/7.8.17 | 548/- |
| രജിത്കുമാർ.എം.കെ | III/345 A | 23 / 5.8.17 | 117030100896/7.8.17 | 1536/- |
| കാർത്ത്യായനി & പ്രതീഷ് | IV/22 A | 31 / 7.8.17 | 117030100898/7.8.17 | 252/- |
| സണ്ണി ഫ്രാൻസിസ് | IX/176 A | 31 / 7.8.17 | 117030100899/7.8.17 | 282/- |
| ഫാത്തിമ | V/349 B | 31 / 7.8.17 | 117030100900/7.8.17 | 183/- |
| മജീദ് | IX/311 B to E | 31 / 7.8.17 | 117030100902/7.8.17 | 1176/- |
| ആകെ | | | | 3977/- |

## 2-3 സാംഖ്യ, സഞ്ചയ സോഫ്റ്റ് വെയറുകളുടെ ഇന്റഗ്രേഷൻ പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ സാംഖ്യ, സഞ്ചയ സോഫ്റ്റ് വെയറുകളുടെ മാപ്പിംഗ് പൂർത്തീകരിച്ചെങ്കിലും ഇന്റഗ്രേഷൻ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ 2016-17 വർഷം പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രിയും നികുതി പിരിച്ചെടുത്തതിന്റെ വിവരങ്ങളും സഞ്ചയയിൽ പരിശോധിക്കാൻ സാധിച്ചില്ല. ഇന്റഗ്രേഷൻ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (14/4.8.17) ക്കുള്ള മറുപടി പ്രകാരം ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിൽ 1.04.2016 മുതലാണ് സേവന നികുതി ഈടാക്കാൻ തീരുമാനിച്ചത്. ആയത് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താതിരുന്നതിനാലാണ് ഇന്റഗ്രേഷൻ നടത്താതിരുന്നത്. നിരവധി തവണ ഇൻഫർമേഷൻ കേരള മിഷന് ഡി.ഡി.പി മുഖാന്തിരവും നേരിട്ടും അപേക്ഷ അയച്ചതിന്റെ അടിസ്ഥാനത്തിൽ 2017 ജൂലൈ മാസത്തിലാണ് സോഫ്റ്റ് വെയറിൽ സേവന നികുതി ഉൾപ്പെടുത്തിയത്. എന്നാൽ സേവന നികുതി ഉൾപ്പെടുത്തിയപ്പോൾ 80 ശതമാനത്തിലധികം കെട്ടിടങ്ങളുടേയും ഡിമാന്റ് വ്യത്യാസപ്പെട്ടു. ഇക്കാര്യം ഐ.കെ.എം. ന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഡിമാന്റ് പൂർവ്വ സ്ഥിതിയിലേക്ക് മാറ്റി നൽകി. എന്നാൽ ഡിജിറ്റൽ സിഗ്നേച്ചർ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. ഇത് ഐ.കെ.എം.ന്റെ സഹായത്തോടെ മാത്രമേ പൂർത്തീകരിക്കാവൂ എന്നും അല്ലാത്ത പക്ഷം ഡിമാന്റിൽ വീണ്ടും വ്യത്യാസം ഉണ്ടാകുമെന്നുമാണ് പഞ്ചായത്തധികൃതർക്ക് നിർദ്ദേശം ലഭിച്ചിട്ടുള്ളത്. കൂടാതെ 2016-17 സാമ്പത്തിക വർഷം ഈടാക്കിയ സേവന നികുതി

കളക്ഷൻ റിപ്പോർട്ടിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. ആയതിനാൽ ബാലൻസ് പരിശോധിക്കുമ്പോൾ ആ തുക കുടിശ്ശികയായി കാണിക്കുകയാണ്. ഈ തുക BT, LC, ST എന്നീ കോളങ്ങളിൽ വിഭജിച്ചാണ് കിടക്കുന്നത്. ഇതു കൂടി തിരുത്തിയാലെ ഇന്റഗ്രേഷൻ നടപടി പൂർത്തിയാക്കാൻ കഴിയൂ എന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ഡിജിറ്റൽ സിഗ്നേച്ചർ പ്രക്രിയ പൂർത്തീകരിക്കാത്തതിനാൽ ഒരു റിപ്പോർട്ടും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിലെ മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കാനും സാംഖ്യ സഞ്ചയ സോഫ്റ്റ് വെയറുകളുടെ ഇന്റഗ്രേഷൻ പൂർത്തീകരിക്കാനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ലൈബ്രറി സെസ്സ് -ലൈബ്രറി കൗൺസിലിന് നൽകാനുള്ള കുടിശ്ശിക അടവാക്കിയിട്ടില്ല

2016-17 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈബ്രറി കൗൺസിലിന് അടവാക്കാനുള്ള ലൈബ്രറി സെസ്സ് തുക 184888.95 രൂപയാണ്. 2015-16 ഒന്നാം അർദ്ധവർഷത്തെ ലൈബ്രറി സെസ്സാണ് അവസാനം അടവാക്കിയത്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക 2015-16 രണ്ടാം അർദ്ധവർഷത്തേയും 2016-17 വർഷത്തേയും ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുകയാണ്. (ഓഡിറ്റ് എൻക്വയറി 15/4.8.17 നുള്ള മറുപടി പ്രകാരം ലഭ്യമായത്).

സർക്കുലർ നമ്പർ 10088/എൽ 3/05/ ത.സ്വ.ഭ.വ 20..9.2005 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്.

കുടിശ്ശിക തുക ലൈബ്രറി കൗൺസിലിന് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണ ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 2.12.15ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12900/ആർ.എ1 /2015/തസ്വഭവ ഉത്തരവിലെ താഴെ പറയുന്ന ഭൂരിഭാഗം വ്യവസ്ഥകളും പഞ്ചായത്തിൽ പാലിച്ചിട്ടില്ല

(1)കെട്ടിട നിർമ്മാണ അപേക്ഷകൾ (പെർമിറ്റ്/ക്രമവൽക്കരണം/ഒക്യുപെൻസി) ഫ്രണ്ട് ഓഫീസിൽ അപേക്ഷാഫീസ് സഹിതം സ്വീകരിക്കേണ്ടതും ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. പെർമിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. ഒക്യുപെൻസി ഉൾപ്പെടെയുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(2) ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ,

ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്ക്യുപെൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പരിലാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

(3) കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ ടാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്.

(4) അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്.

## 2-6 തൊഴിൽ നികുതി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഈടാക്കി

ചൊവ്വന്നൂർ പഞ്ചായത്തിൽ 2016-17 വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ച താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനംപർ | ഡി & ഒ ലൈസൻസ് രജിസ്റ്ററിലുള്ള നമ്പർ | ലൈസൻസ് ഉടമയുടെ പേരുവിവരം | ഏതാവശ്യത്തിനായി ലൈസൻസ് അനുവദിച്ചു |
|---|---|---|---|
| 1 | 16 | സുജീഷ മനീഷ് പാറപ്പുറത്ത്, ചൊവ്വന്നൂർ | ബൈക്ക് വർക്ക് ഷോപ്പ് |
| 2 | 56 | ബിന്ദ്യ, W/oശ്രീധരൻ, തലയങ്ങാട്ടിൽ, മരത്തംകോട് | ആയുർവ്വേദ മരുന്ന് വിൽപന |
| 3 | 116 | കെ.എ.സജീവൻ കൊട്ടാരപ്പാട്ട് | പലചരക്ക് കച്ചവടം |

മേൽപറഞ്ഞവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6ന് ലഭ്യമാക്കിയ മറുപടി പ്രകാരം ടിയാളുകൾ 4-8-17ലെ 117030100861, 5-8-17ലെ 11730100886, 7-8-17 ലെ 117030100887 എന്നീ രസീതുകൾ പ്രകാരം അടവാക്കിയിട്ടുണ്ട്.

## 2-7 വാടക -അപാകതകൾ

1) പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിന് വാടക കരാർ ചമച്ചിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ സ്വകാര്യ വ്യക്തികൾ/സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് നൽകിയിട്ടുണ്ട് എന്നാൽ ബന്ധപ്പെട്ടവരുമായി കരാർ വച്ചിട്ടില്ല.

| കെട്ടിടത്തിന്റെ പേര് | നംപർ | കടമുറി അനുവദിച്ച വ്യക്തിയുടെ പേര് |
|---|---|---|
| വനിത വ്യവസായ കേന്ദ്രം | 12/324(12/10) | സുജീഷ മനീഷ് പാറപ്പുറത്ത്, പന്തല്ലൂർ |
| പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് | 12/15 | സബ് പോസ്റ്റ് ഓഫീസ്, ചൊവ്വന്നൂർ |
| ചൊവ്വന്നൂർ സാംസ്കാരിക നിലയം | 3/65 | സപ്ലൈ-കോ മാവേലി സ്റ്റോർ |

(2) കടമുറികൾ പുനർലേലം ചെയ്യിട്ടില്ല, പഞ്ചായത്തിന് നഷ്ടം

വനിത വ്യവസായ കെട്ടിടത്തിലെ 12/320, 12/321, നമ്പർ കടമുറികൾ, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 12/319 നമ്പർ കടമുറിഎന്നിവ

യഥാക്രമം സബിത, ബിന്ദു, സുബി സതീശൻ എന്നിവർക്ക് 22-7-14ന് അനുവദിച്ചുവെങ്കിലും ടിയാളുകൾ തുടർന്ന് പഞ്ചായത്തുമായി കരാറിലേർപ്പെടുകയോ, മുറി ഏറ്റെടുക്കുകയോ ചെയ്യിട്ടില്ല. ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ വനിത വ്യവസായ കെട്ടിട ബൈലോ സെക്ഷൻ 14 പ്രകാരം ലേലം സ്ഥിരപ്പെടുത്തിയാൽ അറിയിപ്പ് കിട്ടി നിശ്ചിത തിയ്യതിക്കുള്ളിൽ നിയമപ്രകാരം ഉടമ്പടി വെച്ച് മുറി ഏറ്റു വാങ്ങാത്തപക്ഷം ലേലം ദുർബ്ബലപ്പെടുന്നതും ലേലക്കാരൻ പഞ്ചായത്തിൽ മുൻകൂർ കെട്ടിവച്ച ഡെപ്പോസിററും മൂന്നുമാസത്തെ മുൻകൂർ വാടകയും പിടിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യിട്ടുണ്ട്. മേൽ പറഞ്ഞ മൂന്നു ലേലക്കാരുടെയും കാര്യത്തിൽ മേൽ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. നാളിതു വരെയായിട്ടും ഒഴിഞ്ഞുകിടക്കുന്ന മുറികൾ പുനർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. (ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10 തിയ്യതി 3.8.17.ന് നൽകിയ മറുപടിയിൽ 2017-18ൽ അപാകത പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്

3) ഡി&ഒ ലൈസൻസ് – മലിനീകരണ നിയന്ത്രണബോർഡിന്റെ നിരാക്ഷേപ പത്രം ഹാജരാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് 2016-17വർഷം ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ടിയാളുകൾ മലിനീകരണ നിയന്ത്രണബോർഡിന്റെ നിരാക്ഷേപ പത്രം അപേക്ഷക്കൊപ്പം സമർപ്പിച്ചിട്ടില്ല.

| ക്രമ നം | രജിസ്റ്ററിലെ ക്രമനം | സ്ഥാപനമുടമയുടെ പേര് | ലൈസൻസ് അനുവദിച്ച ആവശ്യം |
|---|---|---|---|
| 1 | 9/16-17 | ജിസ്മോൻ മുരിങ്ങത്തേരി ചൊവ്വന്നൂർ | മോട്ടോർ ഉപയോഗിച്ചുള്ള പെയിന്റ് ഉത്പന്നങ്ങളുടെ നിർമ്മാണം |
| 2 | 12/16-17 | ജോതിഷ് ജാക്ക്, ചൊവ്വല്ലൂർ വീട്, താമരയൂർ | മോട്ടോർ ഉപയോഗിച്ച് വെളിച്ചെണ്ണ നിർമ്മാണം |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷത്തിന് സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടില്ല എന്നാണ്

മറുപടി ലഭിച്ചത്.

## 2-8 ഫാം ലൈസൻസ്

പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 21-9-16 ലെ PCB/TSR/IC/7814/16 പ്രകാരം ശ്രീ. ജയിംസ് & ഷീല എന്നവർക്ക് 300 കോഴികളെ വളർത്തുന്ന ഫാം തുടങ്ങുന്നതിനുള്ള നിരാക്ഷേപ പത്രം അനുവദിച്ചിട്ടുണ്ട്. ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 19.7.16 ലെ A3-1981/16 പ്രകാരം ഗ്രൂപ്പ് ജി കൺസ്ട്രക്ഷനുള്ള പെർമിറ്റും അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് 17.4.17ന് വസ്തു നികുതിയും അടവാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 27/7.8.14ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയത്. ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ അനുശാസിയ്ക്കും വിധത്തിലുള്ള ലൈസൻസ് എടുത്തതിനു ശേഷം മാത്രമെ സ്ഥാപനം പ്രവർത്തിയ്ക്കുന്നുള്ളു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ

i)ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ – S0063/17

അടങ്കൽ – വികസനഫണ്ട് (ജനറൽ) – 50,000/-

ഈ പദ്ധതിയിൽ ട്രഷറി ബിൽ നം 24/3.3.2017 പ്രകാരം മാറിയ 36,189/-രൂപയിൽ 23639/- രൂപ VIII,VIവാർഡുകളിലെ വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് KSEB കുന്നംമൂച്ചിയിലും 12,550/- രൂപ I-ാം വാർഡിലെ വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് KSEB കുന്ദംകുളത്തും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ii)വനിത വ്യവസായ കെട്ടിടം ഇലക്ട്രിഫിക്കേഷൻ – SOO71/17

വനിത വ്യവസായ കെട്ടിടം ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനായി ട്രഷറിബിൽ നം 29/20.3.17 പ്രകാരം 25750/-രൂപയും ട്രഷറിബിൽ നം 36/22.3.17 പ്രകാരം 188000/- രൂപയും പിൻവലിച്ച് ആകെ 213750/- രൂപ അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ, PWD ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വനിത വ്യവസായ കേന്ദ്രം ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

iii) കുടിവെള്ള പദ്ധതികളുടെ വൈദ്യുതചാർജ് അടവാക്കൽ S0017/17

അടങ്കൽ – മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) – 1,75,000/-

ചെലവ് - ട്രഷറി ബിൽ നം. 32/22.3.2017, തുക 1,75,000/-

പഞ്ചായത്ത് പരിധിയിലുള്ള 14 കുടിവെള്ള പദ്ധതികളുടെ 4/16മുതൽ 3/17വരെയുള്ള കാലയളവിലെ വൈദ്യുതചാർജ് തനതുഫണ്ടിൽ നിന്നും അടവാക്കിയത് മേൽ പറഞ്ഞ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് തനതുഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്തിട്ടുണ്ട്. ടി കുടിവെള്ള പദ്ധതികളുടെ വൈദ്യുതചാർജ് തനതുഫണ്ടിൽ നിന്നും അടവാക്കിയതിനു കാരണം, ഇവ ഗുണഭോക്തൃസമിതികൾക്കു കൈമാറിയിട്ടുണ്ടോ, ഇല്ലെങ്കിൽ ആയതിനു കാരണം – എന്നീ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു

നൽകിയ ഓഡിറ്റ് എൻക്വയറി 27/7.8.17 ന് മറുപടി ലഭിച്ചിട്ടില്ല. കുടിവെള്ളപദ്ധതികളുടെ വൈദ്യുതചാർജ് പഞ്ചായത്ത് അടവാക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-2 വീട്ടുകളിൽ ബയോഡൈജസ്റ്റർപോർട്ട് യൂണിറ്റ്-ഗുണഭോക്തൃവിഹിതം ഉപയോഗിച്ചിട്ടില്ല.

പ്രൊജക്റ്റ് നം- S0043/17

നിർവ്വഹണം -വി.ഇ.ഒ

അടങ്കൽ – വികസനഫണ്ട് – 519912/-

ധനകാര്യകമ്മീഷൻഗ്രാന്റ്-88200/-

ഗുണഭോക്തൃവിഹിതം-61008/-, ആകെ-6,69120/-

ചെലവ്-ട്രഷറി ബിൽനം-12/16-17/27.3.17- ₹97826/-

ട്രഷറി ബിൽനം-16/16-17/31.3.17- ₹391304,
ആകെചെലവ് = ₹4,89,130/-

IRTC-Project Implimentation Unit, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം 352/29.3.2017 പ്രകാരം 1193 എണ്ണം കിച്ചൻബിന്നുകൾ 489130/-രൂപക്ക് (1193x410=₹489130/-)വാങ്ങി, ഗുണഭോക്തൃ വിഹിതം അടവാക്കിയവർക്ക് അവ വിതരണം നടത്തിയിട്ടുണ്ട്.

ഗുണഭോക്തൃ വിഹിതം = 1193x₹41=48913/-രൂപ

IRTC-യ്ക്ക് മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നുമാണ് അനുവദിച്ചിട്ടുള്ളത്. ആകെ വിലയായ 489130 രൂപയിൽനിന്നും ഗുണഭോക്തൃവിഹിതം കഴിച്ചുള്ള തുകയായ 440217/-രൂപ (₹489130 - ₹48913 = ₹440217/-) മാത്രമാണ് പദ്ധതിവിഹിതം ചെലവഴിക്കേണ്ടിയിരുന്നത്. അതായത് ₹48913/-രൂപ പദ്ധതി വിഹിതത്തിൽ നിന്നും അധികം ചെലവു ചെയ്തു. പരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ₹48913/-രൂപ ഇപ്പോഴും പഞ്ചായത്തിന്റ കൈവശമുണ്ട്. ആയത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-3 പ്ലാസ്റ്റിക് രഹിത ഗ്രാമം-തുടർനടപടികൾ

പ്രൊജക്റ്റ് നം-S0042/17

നിർവ്വഹണം-വി.ഇ.ഒ.

അടങ്കൽ-ധനകാര്യമ്മീഷൻ ഗ്രാന്റ് – ₹126000/-

ചെലവ്-ട്രഷറി ബിൽ നം-3/2016-17/7.1.17 , ₹ 37800/-

ഈ പദ്ധതിയിൽ ക്വട്ടേഷൻ വിളിച്ച് ത്രീസ്റ്റാർ ഏജൻസീസ്, കാലടി എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം 112/7.12.2016 പ്രകാരം 21എണ്ണം നീൽകമൽ വേയ്സ്റ്റ് ബിന്നുകൾ വാങ്ങുകയും അവ പഞ്ചായത്തിലെ 18 അംഗൻവാടികളിലും 3 സ്കൂളുകളിലുമായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത്

നിവാസികൾ ഈ വേയ്സ്റ്റ് ബിന്നുകളിൽ നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംഭരിച്ച്, തരംതിരിച്ച്, ഒരു പൊതു കേന്ദ്രത്തിൽ സൂക്ഷിച്ച്, കരാറുകാരെ കണ്ടെത്തി കൈമാറുകയും ലഭ്യമാകുന്ന തുക പഞ്ചായത്ത് ഫണ്ടിൽ വരവുവയ്ക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയിൽ ഉദ്ദേശിച്ചുകാണുന്നത്. പ്രൊജക്റ്റിൽ വിഭാവനം ചെയ്തപ്രകാരമുള്ള തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21/5.8.2017നുള്ള മറുപടിയിൽ പ്രൊജക്റ്റിൽ വിഭാവനം ചെയ്ത പ്രകാരം കരാറുകാരെ ലഭിക്കാത്തതിനാൽ കടങ്ങോട് പഞ്ചായത്തിന്റെ പ്ലാസ്റ്റിക് പൊടിക്കുന്ന യൂണിറ്റിലേക്ക് ഈ പഞ്ചായത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി പറയുന്നു. പദ്ധതിയുടെ തുടർപ്രവർത്തനങ്ങളിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

## 3-4 അംഗൻവാടിപോഷകാഹാരപരിപാടി-പദ്ധതിനടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം. S0036/17

നിർവ്വഹണം-ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ - വികസനഫണ്ട് (ജനറൽ)- ₹388520/-

ധനകാര്യകമ്മീഷൻ ഗ്രാന്റ് - ₹918880

കേന്ദ്രവിഹിതം - ₹250000 , ആകെ - ₹15,57,400

ചെലവ് :-

| ട്രഷറി ബിൽ നം. | തിയ്യതി | തുക |
|---|---|---|
| 1/2016-17 | 19.11.16 | 634809 |
| 4 | 17.2.17 | 346345 |
| 8 | 30.3.17 | 324071 |
| 10 | 31.3.17 | 3966 |
| 12 | 31.3.17 | 21450 |

ആകെ ചെലവ് - ₹1330641/-

അപാകതകൾ -

(i)അംഗൻവാടി പോഷകാഹാര പരിപാടിക്കായി 2016-17 വർഷം 404632/- രൂപ കേന്ദ്രവിഹിതം ലഭിച്ചിട്ടുണ്ട്. ആയതിൽ 233756/-രൂപ 2015-16 വർഷത്തേക്കുള്ള വിഹിതവും 170876/- രൂപ 2016-17 വർഷത്തേക്കുള്ള വിഹിതവുമാണ്. 2016-17 വർഷം പോഷകാഹാര പരിപാടിക്കായി കേന്ദ്രവിഹിതം വിനിയോഗിച്ചിട്ടില്ല. 31.3.2017 ന് കേന്ദ്രവിഹിതം ഇനത്തിൽ മുൻബാക്കിയുൾപ്പെടെ 6,89,978/-രൂപ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നു.

ii)സപ്ലൈകോ ചൊവ്വന്നൂർ ഡിപ്പോയുടെ ഇഷ്യൂ നം. 16493/14.10.2016

പ്രകാരം വാങ്ങിയ 105kg വെളിച്ചെണ്ണ, 63kg ചെറുപയർ എന്നിവ അംഗൻവാടികളിൽ വിതരണം നടത്തിയതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

iii)ട്രഷറിബിൽ നം. 8/30.3.17 പ്രകാരം പിൻവലിച്ച 3,24,071/-രൂപയിൽ 1,15,768/-രൂപ അമൃതം ഫുഡ് സപ്ലിമെന്റ്, സി.എഫ്.സി യൂണിറ്റ്, തോളൂർ എന്ന സ്ഥാപനത്തിനാണ് അനുവദിച്ചത്. എന്നാൽ ടി സ്ഥാപനത്തിന്റെ 31.3.2017 തിയ്യതിയിലെ കൈപ്പറ്റ് രശീതിയിലെ വിശദാംശങ്ങൾ പ്രകാരം 36,128.50/- രൂപ അധികമാണ് അനുവദിച്ചത്. അനുവദിക്കേണ്ട തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഇൻവോയ്സ് നം | തുക | വിശദാംശങ്ങൾ |
|---|---|---|
| 189/26.12.16 | 6132 | 12/16 ൽ ഇറക്കിയ 438kg അമൃതം പൊടിയുടെ അധികവില |
| 196/13.1.17 | 6426 | 1/17 ൽ ഇറക്കിയ 459kg അമൃതം പൊടിയുടെ അധികവില |
| 179/21.3.17 | 32589 | 459kg അമൃതം പൊടിയുടെ വില |
| 171/18.2.17 | 32589 | 459kg അമൃതം പൊടിയുടെ വില |
| 211/18.2.17 | 1903.5 | 27kg ബാലാമൃതം പൊടിയുടെ വില |

അധികം നൽകിയ തുക 36,128.50/- രൂപ തടസ്സപ്പെടുത്തുന്നു

iv)ട്രഷറി ബിൽ നം. 12/31.3.17 പ്രകാരം (Bill No.680/09201132) പിൻവലിച്ച 21450/-രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 21450/-രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 24/5.8.17)

ആകെ തടസ്സപ്പെടുത്തുന്നത് = 57578.50

## 3-5 ബ്ലോക്ക് വിഹിതം പൂർണ്ണമായും ഉപയോഗിച്ചിട്ടില്ല

ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് – s0057/17

നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ – വികസനഫണ്ട് – 259000

ധനകാര്യകമ്മീഷൻ ഗ്രാന്റ് – 22000

ബ്ലോക്ക്പഞ്ചായത്ത് വിഹിതം – 150000

ജില്ലാപഞ്ചായത്ത് വിഹിതം -75000
ആകെ = 5,06,000/-

ചെലവ്-

| ട്രഷറി ബിൽ നം. | തിയ്യതി | തുക |
|---|---|---|
| 11 (വികസന ഫണ്ട്) | 31.3.2017 | 259000 |
| 12 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 31.3.17 | 19500 |
| ചെക്ക് നം. 0791426 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 28.3.17 | 86600 |

2016-17 വർഷത്തെ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും EFMS പ്രകാരം 1,50,000/-രൂപ ലഭിച്ചുവെങ്കിലും ആയതിൽ നിന്നും 86600/- മാത്രമാണ് ചെലവഴിച്ചത്. അടങ്കൽ തുകയുടെ 25% അതായത് 506000x25% = 126500/- രൂപയാണ് യഥാർത്ഥത്തിൽ ബ്ലോക്ക് വിഹിതം വകയിരുത്തി ചെലവഴിക്കേണ്ടിയിരുന്നത്. ലഭിച്ച തുകയിൽ 63400/-രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി.ഒ.(എംഎസ്) 4/2016/തസ്വഭവ/11.12016 ഖണ്ഡിക 6.15(vii) സംയുക്ത പ്രൊജക്ടുകൾ (ഇ) പ്രകാരം സംയുക്ത പ്രൊജക്ടുകളിൽ കുറഞ്ഞ വിഹിതം വകയിരുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ചെലവഴിച്ച ശേഷമേ കൂടിയ വിഹിതം വകയിരുത്തിയ സ്ഥാപനത്തിന്റെ വിഹിതം ചെലവഴിക്കാവൂ.

മേൽ പദ്ധതിക്ക് ജില്ലാപഞ്ചായത്ത് വിഹിതം ലഭിച്ചതായി കാണുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം പൂർണ്ണമായും ഉപയോഗിച്ചിട്ടില്ല. 2016-17 വർഷത്തെ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക അനുവദിക്കാൻ ബാക്കിയില്ലെങ്കിൽ, ബ്ലോക്ക് വിഹിതം ബാക്കി തുക സർക്കാരിലേക്ക് തിരികെ നൽകേണ്ടതാണ്.

## 3-6 തൊഴിലുറപ്പ് പദ്ധതി-അവലോകനം

2016-17വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:-

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ – 1376

ജോബ്കാർഡ് നൽകിയത് – 1376

തൊഴിൽആവശ്യപ്പെട്ടവരുടെ എണ്ണം – 357

തൊഴിൽ ലഭിച്ചവരുടെ എണ്ണം – 297

ആകെ മനുഷ്യദിനം – 5157

നൂറുദിവസം തികച്ചത് – ആരും ഇല്ല

AS കിട്ടിയപ്രൊജക്ടുകളുടെ എണ്ണം/അടങ്കൽ = 424 എണ്ണം / 4,58,43,700/-

പണി തുടങ്ങിയത് – 53 എണ്ണം

പൂർത്തീകരിച്ചത് / ആകെ ചെലവ് - 50എണ്ണം / 2241623/-

പണി തുടരുന്നത് – 3എണ്ണം

ആകെ ചെലവ് – 25,58,233/-

മേൽ പറഞ്ഞകണക്കുകൾ പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 12.5% പണികൾ മാത്രമാണ് 2016-17 വർഷത്തിൽ ചെയ്തിട്ടുള്ളത്, ആകെ ചെലവ് അടങ്കൽതുകയുടെ 5.58% മാത്രവും. 100 ദിവസത്തെ തൊഴിൽ ആർക്കുംതന്നെ ലഭിച്ചുകാണുന്നില്ല. ഇപ്രകാരം ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം കുറഞ്ഞുപോകാനുള്ള കാരണം പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്. പഞ്ചായത്ത് ഭരണവിഭാഗത്തിന്റെ ശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തേണ്ടതാണ്

## 3-7 പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ്ഡ് ചെയ്ത് റോഡ് റീ ടാറിംഗിന് ഉപയോഗപ്പെടുത്തി

പ്രൊജക്ട് നമ്പർ - S003/17

പ്രൊജക്ടിന്റെ പേര് - വെള്ളിത്തിരുത്തി കുരിശുപള്ളി കുമരംകുളങ്ങര അമ്പലം റോഡ് റീ ടാറിംഗ്.

ബിൽ നമ്പർ - 27/16-17 തീയതി - 31-3-17.

ചെലവ് - 4,42,613/- രൂപ.

കരാറുകാരൻ - സത്യജിത്ത്. ഇ.കെ.

കരാർ നമ്പർ - 19/AE/LSGD/CHNR/16-17 തീയതി - 8-2-17

എം.ബി. നമ്പർ - 35/16-17.

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള കോ-ഓഡിനേഷൻ കമ്മിറ്റിയുടെ 24-4-16, 22-6-16 എന്നീ തീയതികളിലെ 2-3, 3-22 തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകളുടെ ടാർ ചെയ്യുന്ന പ്രവൃത്തി ഏറ്റെടുക്കുവാൻ അംഗീകാരം നൽകിയിട്ടുള്ളതാണ്. ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയ വെള്ളിത്തിരുത്തി കുരിശുപള്ളി കുമരംകുളങ്ങര അമ്പലം റോഡ് റീടാറിംഗ് എന്ന പ്രവൃത്തിക്കായി പ്ലാസ്റ്റിക് ഉപയോഗിച്ച മിശ്രിതം കൊണ്ട് റീ ടാറിംഗ് ചെയ്യുവാൻ എസ്റ്റിമേറ്റിൽ വിഭാവന ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമുള്ള ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ സപ്ലൈ ചെയ്യുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിൽ പ്രവൃത്തിക്കുന്ന ക്ലീൻ കേരള കമ്പനിയിൽ നിന്ന് 175 k.g ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് സപ്ലൈ ചെയ്യുവാൻ അസി. എഞ്ചിനീയർ 25-2-2017 ന് അപേക്ഷിക്കുകയും, ആയതിന്റെ വില 3500/- രൂപ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്തു. (D.D. No. 210511 dt. 8-3-17).

റീ ടാറിംഗ് പ്രവൃത്തിയിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുണ്ടോ എന്നുള്ളത് ഉറപ്പുവരുത്തുന്നതിനായി, കരാറുകാരൻ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് കൈപ്പറ്റിയതിന്റെ രേഖകൾ, ബിൽ എന്നിവ പരിശോധനക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നടത്തിയതിന് (നമ്പർ 08/16-17 തീ. 03-08-17) ലഭ്യമാക്കിയ മറുപടിയിൽ, ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് കരാറുകാരൻ സ്വന്തം ചെലവിൽ സൈറ്റിൽ കൊണ്ടുവരികയും, ആയത് ഉപയോഗിച്ച് പ്രവൃത്തി നടത്തുകയും ചെയ്തിട്ടുള്ളതാണെന്ന് വ്യക്തമാക്കുകയുണ്ടായി. ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ ബിൽ ഇ-മെയിൽ ആയി ലഭ്യമാക്കുകയും പരിശോധനക്ക് ഹാജരാക്കുകയും ചെയ്തു.

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത റോഡ് പരിശോധിക്കുകയും റോഡ് നല്ല രീതിയിൽ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളതായി ബോദ്ധ്യപ്പെടുകയും ചെയ്തു.

പരീക്ഷണാടിസ്ഥാനത്തിൽ പഞ്ചായത്ത് നടത്തിയ ഈ പ്രവൃത്തി വിജയം കൈവരിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-8 കാണിപ്പയ്യൂർ കുരിശുപള്ളി പരിസരത്തെ കുടിവെള്ള പദ്ധതി- ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രൊജക്ട് നമ്പർ - 113/17

അടങ്കൽ - 323247/-

നിർവ്വഹണ ഉദ്യോസ്ഥൻ - അസി. എഞ്ചിനീയർ

നിർവ്വഹണ രീതി - ഡെപ്പോസിറ്റ് വർക്ക്

ബിൽ നമ്പർ - 29/16-17 തീയതി - 31-3-17

ചെലവ് - 323247/-

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം മേൽ കുടിവെള്ള പദ്ധതിക്കായി 3,23,247 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ടിന് (നമ്പർ 113/17) അംഗീകാരം വാങ്ങി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി 31-03-2017 ൽ കരാറിൽ ഏർപ്പെടുകയും 323247/- രൂപ കൈമാറുകയും ചെയതിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ഉണ്ടാക്കിയ കരാറിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളെ സംബന്ധിച്ചും, പൂർത്തീകരണം സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നടത്തിയതിന് (നമ്പർ 09/16-17 തീ. 03-08-17) ലഭ്യമാക്കിയ മറുപടിയിൽ, ടി പ്രവൃത്തിക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ബാക്കി സംഖ്യ നൽകുന്ന സമയത്ത് പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നതാണെന്ന് അറിയിച്ചു. ഡെപ്പോസിറ്റ് വർക്കിന് നിർവ്വഹണ ഏജൻസി നൽകുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അടങ്കൽ നിശ്ചയിച്ചിരുന്നുവെങ്കിൽ തുക അപര്യാപ്തമാവുകയില്ലായിരുന്നു. ഓഡിറ്റിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത കുടിവെള്ള പദ്ധതി സന്ദർശിച്ചപ്പോൾ, ബോർവെല്ലിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ജല ലഭ്യത ഇല്ലാത്ത അവസ്ഥയാണ് കാണപ്പെട്ടത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തികൾ മറ്റൊരു ഭാഗത്തായി നടന്നു വരുന്നതായും കാണപ്പെട്ടു. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ പ്രവൃത്തിക്കായി വിനിയോഗിച്ച 3,23,247/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 സുജീവനം - ശാരീരിക മാനസിക ആരോഗ്യ പാർക്ക് - രണ്ടാം ഘട്ടം - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ - 107/17

നിർവ്വഹണ ഏജൻസി - കോസ്റ്റ് ഫോർഡ്.

ബിൽ നമ്പർ - 35/16-17 തീയതി 31-3-17

തുക – 2,51,000/-

മേൽ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി ഓഡിറ്റ് വർഷം ചെലവഴിച്ച 2,51,000/- രൂപയുടെ നിർമ്മാണ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല. പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണെന്നും, ഫൈനൽ ബിൽ ലഭിച്ചിട്ടില്ലായെന്നും ഇതു സംബന്ധിച്ച നടത്തിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/16-17 തീയതി 03-08-17) മറുപടി നൽകുകയുണ്ടായി. വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 2,51,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ടെണ്ടർ, ഇ-ടെണ്ടറുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതം

സ.ഉ.(പി) നം. 542/15/ധന. തീയതി 17-11-2015 പ്രകാരം 5 ലക്ഷം രൂപയും അതിനു മുകളിലുള്ള എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാക്കിയിട്ടുണ്ട്. 2016-17 വർഷത്തിൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ 5 ലക്ഷം രൂപ മുതൽ അടങ്കൽ നിശ്ചയിച്ച 3 പ്രവൃത്തികളാണ് ഇ-ടെണ്ടർ മുഖാന്തരം നടപ്പാക്കിയത്. 3 വർക്കുകളിലും സത്യൻ. ഇ.ബി. എന്ന ഒരു കരാറുകാരൻ മാത്രമാണ് ടെണ്ടർ സമർപ്പിച്ചതായും അംഗീകരിച്ചതായും കാണുന്നത്.

സാമ്പത്തിക വർഷം 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ നടത്തുകയുണ്ടായി. എന്നാൽ ആരും തന്നെ ടെണ്ടറിൽ പങ്കടുക്കുകയുണ്ടായില്ല. തുടർന്ന് ടി പ്രവൃത്തികൾ റീ ടെണ്ടർ ചെയ്തിട്ടും ടെണ്ടറുകൾ ലഭിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ 23-12-16 ലെ 3-ാം നമ്പർ തീരുമാന പ്രകാരം എല്ലാ പ്രവൃത്തികളും നെഗോഷിയേറ്റ് ചെയ്യുവാൻ തീരുമാനിച്ചു. നമ്പർ 31AE/LSGD/ CHNR/16-17 തീയതി 05-01-17പ്രകാരം 9 പ്രവൃത്തികൾക്ക് നെഗോഷ്യേഷൻ നോട്ടീസ് പുറപ്പെടുവിക്കുകയും വിൽസൻ. എൻ.എൽ. എന്ന കരാറുകാരന് 0.50% കുറവ് നിരക്കിൽ എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ ഉറപ്പിച്ചു നൽകുകയുമാണ് ഉണ്ടായത്

പരമാവധി പ്രവൃത്തികൾ ഇ-ടെണ്ടറുകളിലൂടെ നടപ്പാക്കുന്നതിനും ടെണ്ടറുകളിൽ കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച് മൽസരം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

## 3-11 ഗ്രാമ വികസനദ്വൈവാരം - വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾ- ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയി ല്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ - 21600356 to 21600368 തീയതി - 07-10-2016

ചെലവ് - 15,600/-

ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിൽ ഗ്രാമ വികസന ദ്വൈവാരം ആചരിക്കുന്നതിന്റെ ഭാഗമായി വിവിധ വാർഡുകളിലെ പ്രാദേശിക സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ 1-10-2016 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിലെ 13 വാർഡുകളിലെയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഓരോ വാർഡിനും 1200/- രൂപ വീതം ആകെ 15600/- രൂപ ചൊവ്വന്നൂർ പി.എച്ച്.സി. മെഡിക്കൽ ഓഫീസർ മുഖേന വാർഡുതല സാനിറ്റേഷൻ സമിതികൾക്ക് കൈമാറിയിട്ടുണ്ട്. വാർഡുതല സാനിറ്റേഷൻ സമിതികളുടെ കൺവീനർമാർ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും ചെലവ് സംബന്ധിച്ച രേഖകളും, വിനിയോഗ സാക്ഷ്യപത്രങ്ങളും

ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 15,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - കെ,എസ്.ഇ.ബി. അധികമായി ഈടാക്കിയ തുക വസൂലാക്കിയിട്ടില്ല.

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് പരമ്പരാഗത രീതിയിൽ യൂണിറ്റ് കണക്കാക്കി അടവാക്കി വന്നിരുന്നതിൽ പാകപ്പിഴവുണ്ടെന്നും ആയത് പഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്നതാണെന്നും ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 2012-13 പ്രൊജക്ട് 132 പ്രകാരം ആവശ്യാനുസരണമുള്ള മീറ്ററുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. യിൽ പണം അടവാക്കിയിരുന്നുവെന്നും, പഞ്ചായത്തിന്റേതല്ലാത്ത കാരണത്താൽ മീറ്ററുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. വരുത്തിയ കാലവിളംബം മൂലം പഞ്ചായത്തിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടായിട്ടുണ്ടെന്നും, ആയതിനാൽ കെ.എസ്.ഇ.ബി. അധികമായി ഈടാക്കിയ തുക വസൂലാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയുമുണ്ടായി. (06-03-2017 ലെ 8-ാംനമ്പർ തീരുമാനം). 20,35,014/- രൂപയാണ് കെ.എസ്.ഇ.ബി.യിൽ നിന്ന് തിരികെ ഈടാക്കേണ്ടതായി കമ്മറ്റി കണക്കാക്കിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/16-17 തീ. 4-8-17) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം കെ.എസ്.ഇ.ബി. അസി. എഞ്ചിനീയർക്ക് തുടർ നടപടികൾക്കായി 18-7-2017 ന് എ2/52/16 നമ്പർ കത്ത് പ്രകാരം അയച്ചുകൊടുത്തിട്ടുണ്ടെന്നും, നാളിതുവരെ മറുപടിയൊന്നും ലഭ്യമായിട്ടില്ലെന്നും അറിയിച്ചു. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 ഔഷധിയിൽ നിന്നും മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭ്യമല്ല.

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള ഗവ. ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങിയ്ക്കുന്നതിനായി 2016-17 വർഷം 2,50,000/- (DD NO: 470467/28/12/16) രൂപ ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. ആയതിൽ 2,10,308/- രൂപയ്ക്കുള്ള മരുന്ന് മാത്രമെ ലഭിച്ചിട്ടുള്ളൂ. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 3-14 ആയുർവ്വേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ, ഫർണ്ണീച്ചർ വാങ്ങിയത് - കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

ആയുർവ്വേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിന് വിശ്വാസ് കമ്പ്യൂട്ടേഴ്സ്, കുന്നംകുളം എന്ന സ്ഥാപനത്തിന് 71150 രൂപയും, ഫർണ്ണീച്ചർ വാങ്ങിയ വകയിൽ വുഡ് ഡെക്കർ എന്ന സ്ഥാപനത്തിന് 19350 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുകയ്ക്കുള്ള കൈപ്പറ്റ് രസീതി ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.16/5-8-17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 90500 രൂപ തടസ്സപെടുത്തുന്നു.

## 3-15 സഭാമഠം പാടശേഖര സമിതി പമ്പ് ഹൗസിലേക്ക്

## വൈദ്യുതി കണക്ഷൻ-ചെലവു തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 114/17 |
| പ്രൊജക്ടിന്റെ പേര് | സഭാമഠം പാടശേഖര സമിതി പമ്പ് ഹൗസിലേക്ക് വൈദ്യുതി കണക്ഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 100000 |
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം) |
| ട്രഷറി ബിൽ നമ്പർ, തുക | 6/16-17 തിയ്യതി 31.3.17,100000/- |

കാർഷിക ആവശ്യത്തിന് കുഴൽ കിണറും പമ്പ് ഹൗസും എന്ന 108/14 പ്രോജക്ട് പ്രകാരം 2,50,000/- രൂപ ചെലവഴിച്ച പദ്ധതിയുടെ തുടർ പ്രവർത്തനമായിട്ടാണ് 2016-17ൽ 1,00,000/- രൂപ ചെലവഴിച്ചിട്ടുള്ളത്. സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് സഭാമഠം പാടശേഖര സമിതിയുടെ പമ്പ് ഹൗസ് സ്ഥിതിചെയ്യുന്നത്. 108/14 പ്രോജക്ട് പ്രകാരം ഭൂജല വകുപ്പ് മുഖേന പമ്പ്ഹൗസ്, കുഴൽ കിണർ, മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടത്തുകയും പദ്ധതി പൂർത്തീകരണത്തിനായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് മേൽ പറഞ്ഞ പ്രകാരം 100000 രൂപ വികസന ഫണ്ടിൽ നിന്നും ഭൂജല വകുപ്പിന് കൈമാറുകയും ചെയ്തു. പദ്ധതി പ്രദേശം സ്വകാര്യ വ്യക്തിയുടെ പേരിൽ നിന്നും പഞ്ചായത്തിന് കൈമാറ്റം നടത്തി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി പദ്ധതി പൂർത്തീകരിക്കുന്നതു വരെ ചെലവ് തുക 100000 തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (ഐ.സി.ഡി.എസ്. ഓഫീസ് ചൊവ്വന്നൂർ) | 2016-17 | 65000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (15-16) | 65000 | - |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (ഐ.സി.ഡി.എസ്. ഓഫീസ് ചൊവ്വന്നൂർ) | 2016-17 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ് (2016-17) | 86600 | 63400 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | പെയിൻ & പാലിയേററീവ് പരിചരണം | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് (ഡി.എം.ഒ. ഓഫീസ്) | 2016-17 | 180000 | ആയുർവ്വേദ ആശുപത്രി മെയിന്റനൻസ് | - | 180000 |
| ആകെ | | 495000 | | 251600 | 243400 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കോസ്റ്റ്ഫോഡ് | സുജീവനം-ശാരീരിക മാനസിക ആരോഗ്യ പാർക്ക്. പ്രൊ-നം.107/17 | 1005200 | 755200 | 250000 |
| കോസ്റ്റ്ഫോഡ് | സുജീവനം-ശാരീരിക മാനസിക ആരോഗ്യ പാർക്ക് – രണ്ടാം ഘട്ടം. | 749678 | 570000 | 179678 |
| കോസ്റ്റ്ഫോഡ് | ചേതന-യുവജനങ്ങൾക്കുള്ള സാംസ്കാരിക വിദ്യാഭ്യാസ കേന്ദ്രം | 62200 | - | 62200 |
| കോസ്റ്റ്ഫോഡ് | ഭിന്നശേഷിക്കാർക്കുള്ള ഫിസിയോതെറാപ്പി കേന്ദ്രത്തിൽ ടോയ് ലെറ്റ് | 25000 | - | 25000 |

| | | | | |
|---|---|---|---|---|
| GWD/TCR | സമഗ്ര കുടിവെള്ള പദ്ധതി | 323247 | - | 323247 |
| നിർമ്മിതി കേന്ദ്ര | സ്കൂളുകൾക്ക് മൂത്രപ്പുര റിപ്പയർ | 25000 | - | 25000 |
| PWD TCR | വനിത വ്യവസായകേന്ദ്രം ഇലക്ട്രിഫിക്കേഷൻ | 213750 | - | 213750 |

മുൻ വർഷങ്ങളിൽ ഡെപ്പോസിററ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| കോസ്റ്റ് ഫോഡ് | 0 | 0 | 0 |
| Gwd,Tcr | 932473 | 520456 | 412017 |
| KSEB | 1987498 | 731627 | 1255871 |
| KWA, Thrissur | 4734660 | 3911000 | 823660 |
| Nirmithy Kendra | 308200 | 0 | 308200 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ.(സാധാ). നം.1697/2011/ ത.സ്വ.ഭ.വ/ 15.7.2011 | 3697500 | 1447500 | 562500 | | 885000 |

•

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | -ഇല്ല |

| | |
|---|---|
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ ഡെപ്പോസിറ്റ് | 5000 |
| ആകെ | 5000 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം 57072 രൂപയുടെ വരവുണ്ട്.

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ എല്ലാ വിശദാംശങ്ങൾ ചേർത്തിട്ടില്ല. രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 31452337 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 29136825 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 837925/- |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 57579/- | ഊർമ്മിള. വി.എസ്., ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |
| 3-8 | 323247/- | സീമ.ടി.എസ്., അസി.എഞ്ചിനീയർ |
| 3-9 | 251000/- | സീമ.ടി.എസ്., അസി.എഞ്ചിനീയർ |
| 3-11 | 15600/- | ആന്റണി.വി, സെക്രട്ടറി |

| | | |
|---|---|---|
| 3-14 | 90500/- | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം, ഡോ. കെ.കെ. ജയശ്രീ |
| 3-15 | 100000/- | എൻ.കെ.സരസ്വതി, കൃഷി ഓഫീസർ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1974-75 | എൽ.എഫ്.ടി.10-1899/82/ 02.08.82 |
| 1975-76 | എൽ.എഫ്.ടി. 10-1906/82/ 02.08.82 |
| 1978-79 | എൽ.എഫ്.ടി. 10-1903/82/ 02.08.82 |
| 1979-80 | എൽ.എഫ്.ടി (എസ്2)-785/11/ 20.07.11 |
| 1980-81 | എൽ.എഫ്.ടി (എസ്2)-785/11/ 20.07.11 |
| 1981-82 | എൽ.എഫ്.ടി. 10-1484/85/ 10.09.85 |
| 1982-83 | എൽ.എഫ്.ടി. 10-1080/87/ 05.01.88 |
| 1984-85 | എൽ.എഫ്.ടി. 10-722/28.03.90 |
| 1985-86 | എൽ.എഫ്.ടി. 10-1791/21.05.91 |
| 1986-87,87-88 | എൽ.എഫ്.ടി. 10-659/92/ 13.07.92 |
| 1988-89,89-90 | എൽ.എഫ്.ടി. 10-1587/14.05.93 |
| 1990-91 | എൽ.എഫ്.ടി. 10-1811/94/ 21.08.95 |
| 1991-92 | എൽ.എഫ്.ടി. 10-1544/93/ 18.05.94 |
| 1992-93, 93-94 | എൽ.എഫ്.ടി. 10-735/95/ 08.12.95 |
| 1994-95,95-96 | എൽ.എഫ്.ടി. (എസ്2)-785/11/ 20.07.11 |
| 1996-97(ചെലവ്) | എൽ.എഫ്.ടി. 10-1012/98/ 12.02.99 |

| | |
|---|---|
| 1996-97(വരവ്) | എൽ.എഫ്.ടി. 10-480(എ)/03/ 05.09.03 |
| 1997-98 | എൽ.എഫ്.ടി. 10-480/03/ 06.06.03 |
| 1998-99 | എൽ.എഫ്.ടി. 10-2113/06/ 15.05.07 |
| 1999-2000 | എൽ.എഫ്.ടി. 10-2114/06/ 10.04.07 |
| 1999-2000, 2000-01, 2001-02 (പ്ലാൻ) | എൽ.എഫ്.ടി. 10-1372/03/ 07.01.04 |
| 2000-2001 | എൽ.എഫ്.ടി. 10-2115/10.04.07 |
| 2001-02 | എൽ.എഫ്.ടി. 10-2116/10.04.07 |
| 2002-03 | എൽ.എഫ്.ടി. 10/1270/ 08/07.09.09 |
| 2003-04 | എൽ.എഫ്.ടി. 10-1271/08/ 07.09.09 |
| 2004-05 | എൽ.എഫ്.ടി. 10-2600/08/ 16.04.10 |
| 2005-06 | എൽ.എഫ്.ടി. 10-692/09/ 17.06.10 |
| 2006-07 | എൽ.എഫ്.ടി.10-693/09/ 23.07.10/16.08.10 |
| 2007-08 | എൽ.എഫ്.ടി.10-1148/01.03.11 |
| 2008-09 | എൽ.എഫ്.ടി.10-1149/01.03.11/ 13.10.11 |
| 2009-10 | എൽ.എഫ്.ടി.(പി2)-368/12/ 09.04.12/ 05.04.12,1981-82 മുതൽ 92-93 &93-94 വരെ അദാലത്തിൽ മറുപടിയില്ല |
| 2010-11 | എൽ.എഫ്.ടി. (പി2)369/12/ 09.04.12/ 05.07.12 |
| 2011-12 | എൽ.എഫ്.ടി. (പി6)/12)33/ 13/08.11.13 |
| 2012-13 | എൽ.എഫ്.ടി. (പി6)/373/14/ 11.08.14/17.09.14 |
| 2013-14 | എൽ.എഫ്.ടി.(പി9)/258/15/07/ 05/2015/ 08.05.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (പി9)916/2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (പി9)1731/2016/ 18.11.16/05.01.17 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ കാര്യാലയം, തൃശ്ശൂർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ.(പി)/1316/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 23.11.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

No. KSA-TSR(P)1316/2017

Kerala State Audit Department

District Audit Office,
Thrissur- 680 020

Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 23.11.2017

Certified that I have audited the Annual Financial Statement of Chowannur Gramapanchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Chowannur Grama Panchcyat for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office, Thrissur.